# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ഫെബ്രുവരി 20 മുതൽ ഫെബ്രുവരി 24 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 15/2021 | തീയ്യതി: 19/02/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 2.5 | 33.6 – 36.0 | 23.5-24.8 | 55–86 | 04 -12 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 24.02.2021 | 25.02.2021 | 26.02.2021 | 27.02.2021 | 28.02.2021 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 34 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 9 | 10 | 10 | 8 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 230 | 270 | 270 | 250 |
| മേഘ വിന്യാസം, ഒക്ടാ | 4 | 3 | 3 | 3 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **മഴയ്ക്ക് സാധ്യതയില്ല.** **പൊതുവെ വരണ്ട കാലാവസ്ഥ അനുഭവപ്പെടും. മണ്ണിൽനിന്നും വിളകളിൽ നിന്നും ഉണ്ടായേക്കാവുന്ന ഈർപ്പ നഷ്ടം കുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുക** | | |
| പച്ചമുളക് | വിവിധ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ (500മില്ലിഗ്രാം) ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ  | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക. അല്ലെങ്കിൽ ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

| | | | |
|---|---|---|---|
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| പച്ചക്കറികൾ | വിവിധ ഘട്ടങ്ങൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ  | നിയന്ത്രിക്കുന്നതിനായി വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി, പുഷ്പിക്കുന്നതിന് ഒരാഴ്ച മുമ്പു വരെ 7 ദിവസത്തെ ഇടവേളകളിൽ ഇലയുടെ ഇരുവശത്തും തളിക്കുക. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ അക്കാര എന്ന കീടനാശിനി 10 ലിറ്റർ വെള്ളത്തിൽ 2 ഗ്രാം എന്നതോതിൽ നേർപ്പിച്ച് തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി  ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br><br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച  | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സിഎം ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br><br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (@ 1 trap/15സെന്റ്സ്) സ്ഥാപിക്കുക. |
| കറവ പശുക്കൾ | കുളമ്പു രോഗം, സാംക്രമിക ചർമ്മ മുഴ രോഗം എന്നീ വൈറസ് രോഗങ്ങൾ | | അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും വാക്സിൻ നൽകുക. തൊഴുത്തും പരിസരവും ശുചിയായി സൂക്ഷിക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി